# പതിമൂന്നാം കേരള നിയമസഭ
## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4456 22/07/2015-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായി പാർപ്പിട സമുച്ചയം**

| ചോദ്യം<br>ശ്രീ. കെ. ദാസൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികൾക്കായി പാർപ്പിട സമുച്ചയം നിർമ്മിയ്ക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) കേരളത്തിലെ ജില്ലയിൽ ഭൂരഹിതരും ഭവന രഹിതരുമായ മത്സ്യത്തൊഴിലാളികൾക്കായി പാർപ്പിട സമുച്ചയം നിർമ്മിയ്ക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത സംരഭത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ഫിഷറീസ് വകുപ്പ് അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ കൊയിലാണ്ടി മണ്ഡലത്തിൽ നിന്നുള്ള അപേക്ഷകർ എത്ര; അപേക്ഷകരുടെ പേര്, വിലാസം എന്നിവ വ്യക്തമാക്കി പട്ടിക ലഭ്യമാക്കാമോ; | (ബി) കോഴിക്കോട് ജില്ലയിൽ ഫിഷറീസ് വകുപ്പ് മുഖേന മേൽ പദ്ധതിയ്ക്കായി അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. ആകെ 1615 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ കൊയിലാണ്ടി മണ്ഡലത്തിൽ നിന്നും 372 അപേക്ഷകളാണ് ലഭിച്ചിരിയ്ക്കുന്നത്. അപേക്ഷകരുടെ പേര്, വിലാസം എന്നിവ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) കോഴിക്കോട് ജില്ലയിൽ ഈ വിഷയത്തിൽ തുടർന്ന് വരുന്ന നടപടികൾ വിശദമാക്കാമോ; ആരുടെയെല്ലാം അപേക്ഷകൾ ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് സമർപ്പിച്ചു; വിശദമായി വ്യക്തമാക്കാമോ? | (സി) ഭവനരഹിതരും ഭൂരഹിതരുമായവർക്കായി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന പദ്ധതിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന നടപടി പുരോഗമിക്കുകയാണ്. |

**സെക്ഷൻ ആഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്